**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 708** **06-12-2022 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | ശ്രീ. കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി. യുടെ സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ; | (എ) | കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനപ്രകാരം രാജ്യത്തെ കൃഷി ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ ഒഴികെയുള്ള എല്ലാ വൈദ്യുതി കണക്ഷനുകൾക്കും 2025 മാർച്ചോടെ പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ ഏർപ്പെടുത്തണമെന്ന മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>വൈദ്യുതി വിതരണ മേഖലയുടെ വികസനവും നവീകരണവും ലക്ഷ്യമാക്കി കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പുതിയ "നവീകൃത വിതരണ മേഖല പദ്ധതി" (Revamped Distribution Sector Scheme-RDSS)-യിൽ ഉൾപ്പെടുത്തി RDSS – ന്റെ ഭാഗമായും കേന്ദ്ര മാർഗ്ഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും സംസ്ഥാനത്ത് ഘട്ടം ഘട്ടമായി സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുവാൻ KSEBL ഉദ്ദേശിക്കുന്നു. RDSS പദ്ധതിയുടെ മാർഗരേഖ പ്രകാരം, ഒന്നാം ഘട്ടം സ്മാർട്ട് മീറ്ററുകളും അവയ്ക്കുവേണ്ട ആശയവിനിമയ ശൃംഖല, അതുമായി ബന്ധപ്പെട്ട സോഫ്റ്റ് വെയറുകൾ എന്നിവയും സ്ഥാപിക്കുന്നതിനായി, കേന്ദ്ര പൊതുമേഖല സ്ഥാപനമായ RECPDCL എന്ന സ്ഥാപനത്തെ പ്രൊജക്ട് ഇംപ്ലിമെന്റേഷൻ ഏജൻസി (PIA) ആയി മാനദണ്ഡങ്ങൾക്ക് വിധേയമായി, കെ.എസ്.ഇ.ബി.എൽ. 10 വർഷത്തെ കാലയളവിലേക്ക് നിയമിച്ചിട്ടുണ്ട്. ഒന്നാം ഘട്ട പദ്ധതി നടത്തിപ്പിനായുള്ള AMISP-യെ (അഡ്വാൻസ്ഡ് മീറ്ററിംഗ് ഇൻഫ്രാസ്ട്രക്ച്ചർ സർവീസ് പ്രൊവൈഡർ അഥവാ സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്ന കമ്പനി) ടെൻഡർ മുഖേന നിയമിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. |
| (ബി) | നിലവിൽ എത്ര ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്റർ സ്ഥാപിച്ചു നൽകിയിട്ടുണ്ടെന്നും സ്മാർട്ട് മീറ്റർ | (ബി) | കെ. എസ്. ഇ. ബി. എൽ. ഇതുവരെ സ്മാർട്ട് മീറ്ററുകൾ സ്ഥാപിച്ചിട്ടില്ല. കൊച്ചി സ്മാർട്ട് സിറ്റി |

| | | | |
|---|---|---|---|
| | സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കുവാനുള്ളതെന്നും അറിയിക്കുമോ; | | പ്രദേശത്തെ ഏകദേശം 20,000 ഓളം വൈദ്യുതി ഉപഭോക്താക്കൾക്ക് ഇതുവരെ Cochin Smart Mission Limited (CSML) സ്മാർട്ട് മീറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| (സി) | സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നത് സംബന്ധിച്ച് തൊഴിലാളി യൂണിയനുകൾ എതിർപ്പ് ഉന്നയിച്ചിട്ടുണ്ടോ; എങ്കിൽ തൊഴിലാളികൾ ഉന്നയിച്ച പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഉണ്ട്. പ്രശ്ന പരിഹാരത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു . |

സെക്ഷൻ ഓഫീസർ